# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കാസർകോഡ് ജില്ലയിലെ കുമ്പള, ചെങ്കള ഗ്രാമ പഞ്ചായത്തുകളിൽ ഒരു യു.ഡി.ക്ലാർക്ക് തസ്തിക അക്കൗണ്ടന്റായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(എം.എസ്)നം.50/2013/ത.സ്വ.ഭ.വ. തീയതി,തിരുവനന്തപുരം, 06.02.2013

---

പരാമർശം:- 1) സഉ(എം.എസ്) നമ്പർ 118/09/തസ്വഭവ തീയതി 26.06.2009.
2) പഞ്ചായത്ത് ഡയറക്ടറുടെ 23.07.2012 ലെ ഇ13-16001/09 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം 1 ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 999 ഗ്രാമ പഞ്ചായത്തുകളിലും ഓരോ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ച് ഉത്തരവായിരുന്നു. എന്നാൽ ജൂനിയർ സൂപ്രണ്ട്, ഹെഡ്ക്ലാർക്ക് എന്നീ രണ്ട് തസ്തികകളും നിലവിലുള്ള ഗ്രാമ പഞ്ചായത്തുകളിൽ പുതിയ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കേണ്ടതില്ല എന്നും അപ്രകാരമുള്ള 18 ഗ്രാമ പഞ്ചായത്തുകളിൽ നിലവിലെ ഹെഡ്ക്ലാർക്ക് തസ്തിക അക്കൗണ്ടന്റ് തസ്തികയാക്കി പുനർ നാമകരണം ചെയ്യേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. കൂടാതെ 642 ഗ്രാമ പഞ്ചായത്തുകളിൽ ജീവനക്കാരുടെ എണ്ണം പത്തോ അതിലധികമോ ഉള്ളതിനാൽ ഒരു യു.ഡി.ക്ലാർക്ക് തസ്തിക അക്കൗണ്ടന്റ് തസ്തികയാക്കി ഉയർത്താനും ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു.

കാസറഗോഡ് ജില്ലയിലെ കുമ്പള ,ചെങ്കള എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ജീവനക്കാരുടെ എണ്ണം പത്തോ അതിലധികമോ ഉള്ള വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നെങ്കിലും ടി ഗ്രാമ പഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട് /ഹെഡ്ക്ലാർക്ക് എന്നീ തസ്തികകൾ ഉണ്ടെന്ന നിഗമനത്തിൽ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കപ്പെടാതെപോയി. പ്രസ്തുത ഗ്രാമ പഞ്ചായത്തുകളിൽ പത്തോ അധിലധികമോ ജീവനക്കാർ ഉള്ളതിനാൽ ഒരു യു.ഡി.ക്ലാർക്ക് തസ്തിക അക്കൗണ്ടന്റ് തസ്തികയാക്കി ഉയർത്തി അക്കൗണ്ടന്റ് നിയമനം നൽകണമെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി കാസറഗോഡ് ജില്ലയിലെ കുമ്പള, ചെങ്കള ഗ്രാമ പഞ്ചായത്തുകളിൽ ഒരു യു.ഡി. ക്ലാർക്ക് തസ്തിക അക്കൗണ്ടന്റ് തസ്തികയായി ഉയർത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജോയിക്കുട്ടി .എം.**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ.ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/Audit) Kerala, തൃശ്ശൂർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (94408/ഡെവ.1/12/ഫിൻ തീയതി 17.11.2012.)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ